LIBRARY ARCHIVES Kerala Legislative Assembly

ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (ആർ.ബി.ഡി.സി.കെ.) എസ്.പി.വി ആയി നിയമിക്കുകയും ചെയ്തു. ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി 31.21 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുമുണ്ടായി. കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ടി റെയിൽവേ മേൽപ്പാലം പദ്ധതിക്കായി 1.084 ഹെക്ടർ (2.678 ഏക്കർ) സ്ഥലമേറ്റെടുക്കുന്നതിന് ആലപ്പുഴ ജില്ലാകളക്ടർക്ക് 24-12-2018-ൽ അഭ്യർത്ഥന നൽകുകയും സ്ഥലമേറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. കിഫ്ബി കായംകുളത്തിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി ഇപ്പോൾ സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ഏറ്റെടുപ്പിന്റെ പ്രാരംഭചെലവുകൾക്കായി കിഫ്ബിയിൽ നിന്ന് 23,42,795 രൂപ 3-11-2019-ൽ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ GAD റെയിൽവേയിൽ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയുടെ അംഗീകാരം ലഭിക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിക്കുകയും ചെയ്യുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും. ആലപ്പുഴ ജില്ലയിലെ കായംകുളം നിയമസഭാ മണ്ഡലത്തിൽപ്പെട്ട കാക്കനാട് റെയിൽവേ മേൽപ്പാലത്തിന് 27-4-2018-ലെ സ. ഉ. (സാധാ) 780/2018/പൊമരാ പ്രകാരം ഭരണാനുമതി നൽകുകയും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ എസ്.പി.വി.- ആയി നിയമിക്കുകയും ചെയ്തു. ടി ROB-യുടെ GAD 9-10-2019-ന് റെയിൽവേ അംഗീകരിക്കുകയുണ്ടായി. സർവ്വീസ് റോഡുകൾ ഉൾപ്പെടെയുള്ള ROB-യുടെ നിർമ്മാണത്തിനായി 29.74 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് 30-3-2019-ന് അഭ്യർത്ഥന നൽകുകയുണ്ടായി. ഏറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 30-10-2020-ന് ആരംഭിക്കുകയുണ്ടായി. കോവിഡ്-19-നെ തുടർന്നുള്ള ലോക്ഡൗൺ കാരണം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുവാൻ കഴിയാതെ വരികയുണ്ടായി. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ ടി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

പാറപ്പുറം - വല്ലംകടവ് പാലത്തിന് ഭൂമി ഏറ്റെടുക്കൽ

87 (836) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജക മണ്ഡലത്തിലെ പാറപ്പുറം - വല്ലംകടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം കൊടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ സി2/138/2020 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്നത്തേയ്ക്ക് നഷ്ടപരിഹാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) എറണാകുളം ജില്ലയിലെ പാറപ്പുറം - വല്ലംകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലിനായി സർക്കാർ അനുവദിച്ചിരുന്ന 3,50,00,000 രൂപയിൽ നീക്കിയിരിപ്പായി ഉണ്ടായിരുന്ന 64,98,772 രൂപ തിരികെ തഹസീൽദാരുടെ ടി.എസ്.ബി. അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടിയാണ് പൊതുമരാത്ത് (സി) വകുപ്പിൽ സി2/138/2020-PWD എന്ന ഫയൽ ആരംഭിച്ചത്. ടി ഫയൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ പുതിയ സാമ്പത്തിക വർഷത്തിൽ ഫയൽ വീണ്ടും സമർപ്പിക്കുക എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഫയൽ തിരികെ നൽകിയിരുന്നു. ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സാമ്പത്തിക വർഷത്തിൽ (2021-2022) ടി ഫയലിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് വീണ്ടും അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിലെ നടപടിക്രമം പൂർത്തിയായാലുടൻ സർക്കാർ തിരികെയെടുത്ത ഭൂമി സ്പെഷ്യൽ തഹസീൽദാരുടെ ടി.എസ്.ബി അക്കൗണ്ടിൽ തിരികെ ലഭ്യമാകുന്നതാണ്.

ആലത്തൂർ മണ്ഡലത്തിലെ എസ്.എൽ.ടി.എഫ്. പ്രവൃത്തികൾ

88 (837) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2020 വരെ ആലത്തൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച എസ്.എൽ.ടി.എഫ്. (സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ്) പ്രവൃത്തികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

മലപ്പുറം ഫ്ലൈ ഓവർ പദ്ധതി

89 (838) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫ്ലൈ ഓവർ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിലെ മലപ്പുറം നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട മലപ്പുറം പോലീസ് സ്റ്റേഷൻ - കിഴക്കേത്തല ഫ്ലൈ ഓവർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-7-2017-ലെ ജി.ഒ.924/2017/പി.ഡബ്ല്യു.ഡി. പ്രകാരം ഭരണാനുമതി നൽകുകയും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.